# ഉപോദ്ഘാതം

മലയാളസാഹിത്യത്തിൽ വേണ്ടത്ര ശ്രദ്ധപതിഞ്ഞിട്ടില്ലാത്ത ഒരു വിഭാഗമാണ്, ബാലസാഹിത്യം. സർഗ്ഗാത്മകസാഹിത്യകാരന്മാരുടെ അനവധാനതയും നിരൂപകരുടെ ഭാഗത്തുനിന്നുണ്ടായ അവഗണനയും ഇതിനു കാരണമാണ്. അപൂർവ്വം ചില പഠനങ്ങളും ഗ്രന്ഥനിരൂപണങ്ങളും മാത്രമേ ഈ മേഖലയിൽ നടന്നിട്ടുള്ളൂ.

കുട്ടികളുടെ മൂല്യനിർദ്ധാരണരീതി, അനുഭവപരിധി, ഭാഷ, സാഹിത്യാസ്വാദനശൈലി തുടങ്ങിയവ മുതിർന്നവരുടേതിൽനിന്നു വ്യത്യസ്തമാണ്. ചെറിയ പ്രായപരിധിയിൽത്തന്നെ വൈവിധ്യം നിറഞ്ഞ സ്വഭാവവിശേഷങ്ങൾ പ്രകടിപ്പിക്കുന്നു, കുട്ടികളുടെ മനസ്സ്. കുട്ടികളുടെ വിദ്യാഭ്യാസവും ചിത്തചികിത്സയുമായി ബന്ധപ്പെട്ട അപൂർവ്വം ചില പഠനങ്ങളുണ്ടായിട്ടുണ്ടെങ്കിലും സാഹിത്യ-സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട മനശ്ശാസ്ത്രപഠനങ്ങൾ ഇന്നേവരെ മലയാളത്തിലുണ്ടായിട്ടില്ല. അത്തരമൊരു മനശ്ശാസ്ത്രപഠനത്തിന്റെ അടിസ്ഥാനത്തിൽ, മലയാളത്തിലെ ബാലസാഹിത്യത്തെ അപഗ്രഥിക്കുകയും അതിനു ദിശാനിർണ്ണയം ചെയ്യുകയുമാണ്, ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം.

ആറദ്ധ്യായങ്ങളാണ് പ്രബന്ധത്തിലുള്ളത്. ആദ്യത്തെ അദ്ധ്യായത്തിൽ, ആമുഖമെന്ന നിലയിൽ, കുട്ടികളുടെ സാമൂഹികവും ചരിത്രപരവുമായ അവസ്ഥകൾ വിവരിക്കുന്നു; തുടർന്ന് മനശ്ശാസ്ത്രത്തെക്കുറിച്ച് സാമാന്യമായും കുട്ടികളുടെ മനസ്സിനെക്കുറിച്ച് വിശേഷമായും പ്രതിപാദിക്കുന്നു. സ്വിസ് മനശ്ശാസ്ത്രജ്ഞനായ ഷാങ്പെജെ(Jean Piaget)യുടെ ശിശുമനശ്ശാസ്ത്രനിഗമനങ്ങളെയാണ് കൂടുതലായും ആശ്രയിച്ചിരിക്കുന്നത്. ചെറിയകുട്ടികളിലെ ചേതനാരോപം (Animism), അഹംകേന്ദ്രിത (Ego centric) സ്വഭാവം, പ്രത്യക്ഷാധിഷ്ഠിതചിന്ത (Perception-bound thought) തുടങ്ങിയ പെജെയുടെ കണ്ടെത്തലുകളെ സാഹിത്യാസ്വാദനവുമായി ബന്ധപ്പെടുത്തുന്നു.

രണ്ടാമദ്ധ്യായത്തിൽ കുട്ടികളുടെ ഭാഷ, വായന, സാഹിത്യാസ്വാദനം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പ്രതിപാദിക്കുന്നത്. ഭാഷാഗ്രഹണവും വായനാശേഷിയും സാഹിത്യാസ്വാദനത്തെ എങ്ങനെ

ബാധിക്കുന്നുവെന്ന് പരിശോധിക്കുന്നു. കുട്ടികളിൽ സാഹിത്യാസ്വാദന താത്പര്യം ജന്മസിദ്ധമാണെന്നതിന് പരിണാമവാദത്തിന്റെ ബലത്തിൽ ഒരു 'സാഹിത്യാസ്വാദനസിദ്ധാന്ത'വും അവതരിപ്പിക്കുന്നു. പരിണാമവാദികളിൽ പ്രമുഖനായ ഏണസ്റ്റ് ഇ. ഹെക്കലിന്റെ 'ജീവിവ്യക്തിവികാസവ്യവസ്ഥ, വംശപരിണാമചരിത്രത്തിന്റെ സംക്ഷിപ്തരൂപത്തെ ആവർത്തിക്കുന്നു' (Ontogeny recapitulates Phylogeny) എന്ന തത്ത്വത്തെയാണ് ഇതിന് അവലംബമാക്കിയിട്ടുള്ളത്.

മൂന്നാമദ്ധ്യായം, ബാലസാഹിത്യത്തെക്കുറിച്ചുള്ളതാണ്. കുട്ടികളുടെ മനശ്ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ബാലസാഹിത്യത്തിന്റെ വിഭജനം, ഘടന, പ്രയോജനം മുതലായ കാര്യങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുന്നു. കുട്ടികളുടെ സാഹിത്യാസ്വാദനവുമായി ബന്ധപ്പെട്ട് നിക്കളസ് ടക്കർ എന്ന മനശ്ശാസ്ത്രജ്ഞൻ നടത്തിയ അപഗ്രഥനങ്ങൾ, മറ്റു മനശ്ശാസ്ത്രഗവേഷകരുടെ നിഗമനങ്ങൾ, സ്വാനുഭവത്തിലൂടെയും നിരീക്ഷണത്തിലൂടെയും ഗ്രഹിച്ച വസ്തുതകൾ എന്നിവ ഈ പഠനത്തിനായി ഉപയോഗിച്ചിരിക്കുന്നു. കുട്ടികൾക്കുള്ള കവിതയിൽ ഏതേതു വിഷയങ്ങളാണ് കൂടുതൽ ആവർത്തിച്ചു വരുന്നത് എന്നതിനെക്കുറിച്ചുള്ള ഒരു അപഗ്രഥനവും ഈ അദ്ധ്യായത്തിലുണ്ട്. 42 കാവ്യസമാഹാരങ്ങളും 35 വിഷയങ്ങളും ഇതിനായി സ്വീകരിക്കുകയുണ്ടായി. വിദ്യാഭ്യാസത്തിനും ചിത്തചികിത്സയ്ക്കും ബാലസാഹിത്യത്തെ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ചൂണ്ടിക്കാട്ടുന്നുണ്ട്.

നാലാമദ്ധ്യായം, മലയാള ബാലസാഹിത്യത്തിന്റെ ചരിത്രമാണ്. അഞ്ച് ഘട്ടങ്ങളുള്ള മലയാളബാലസാഹിത്യചരിത്രത്തിന്റെ ആദ്യത്തെ രണ്ടു ഘട്ടങ്ങൾ സാമാന്യം വിസ്തരിച്ചു പ്രതിപാദിക്കുന്നു; തുടർന്നുള്ള ഭാഗങ്ങൾ ഹ്രസ്വമായ അവലോകനത്തിന് വിധേയമാക്കുന്നു. ആദ്യത്തെ മലയാള ബാലസാഹിത്യകൃതി ഏത് എന്ന കാര്യവും ചർച്ച ചെയ്യുന്നുണ്ട്.

അഞ്ചാമദ്ധ്യായം വിശേഷപഠനമാണ്. മൂന്നും നാലും അദ്ധ്യായങ്ങളിൽ ഉദാഹരണങ്ങളെന്ന നിലയിലും ചരിത്രമെന്ന നിലയിലും പ്രത്യക്ഷപ്പെട്ട കൃതികളെ മിക്കവാറും മാറ്റിനിർത്തി, ശ്രദ്ധേയമായ മറ്റു ചില കവിതകളെയും നോവലുകളെയും വൈജ്ഞാനികഗ്രന്ഥങ്ങളെയും കുട്ടികളുടെ മനശ്ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ അപഗ്രഥിക്കുന്നതാണ് ഈ അദ്ധ്യായം.

ആറാമത്തെ അദ്ധ്യായത്തിൽ ഈ ഗവേഷണപഠനത്തിൽനിന്ന് ഉരുത്തിരിഞ്ഞ നിഗമനങ്ങൾ ക്രോഡീകരിച്ചിരിക്കുന്നു.

ഈ പഠനത്തിനുവേണ്ടി മനശ്ശാസ്ത്രത്തിൽ മുൻപരിചയമില്ലാത്ത ഒരാളെന്ന നിലയിൽ ബാലസംബന്ധിയായ മനശ്ശാസ്ത്രഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു വായിക്കുക ദുഷ്കരമായിരുന്നു. മനശ്ശാസ്ത്രസംബന്ധിയായ മലയാളഗ്രന്ഥങ്ങൾ ഏറെയില്ല; ശിശുമനശ്ശാസ്ത്രഗ്രന്ഥങ്ങൾ നാമമാത്രവും. ഉള്ളവതന്നെ 'ചികിത്സാമനശ്ശാസ്ത്ര'വും 'വിദ്യാഭ്യാസമനശ്ശാസ്ത്ര'വുമായി മാത്രം ബന്ധപ്പെടുന്നു. അടുത്ത കാലത്തായി വിപണിയിലെത്തുന്ന ഇംഗ്ളീഷ് ഭാഷയിലുള്ള മനശ്ശാസ്ത്രഗ്രന്ഥങ്ങളധികവും ടെക്സ്റ്റുബുക്കു മാതൃകയിലുള്ളവയാണ്. അവയിൽത്തന്നെ കുട്ടികളുടെ കലാസാംസ്കാരികമേഖലയുമായി ബന്ധമുള്ള കൃതികൾ വിരളവും. 'ഒറിജിനൽ' എന്നു വിളിക്കാവുന്ന കൃതികളുടെ ദൗർലഭ്യവും അവയെ വായിച്ചെടുക്കാനുള്ള പ്രയാസവും എടുത്തുപറയേണ്ടതാണ്. ഷാങ് പെജെ (പിയാഷെ എന്നാണ് സാധാരണയായി ഉച്ചരിച്ചു വരാറുള്ളത്; ഒരു സൗഹൃദസംഭാഷണത്തിൽ കെ. പി. അപ്പനാണ്, ഷാങ് പെജെ എന്നതാണ് ശരിയായ ഉച്ചാരണമെന്ന് നിർദ്ദേശിച്ചത്)യുടെ കൃതികൾ ഗഹനങ്ങൾ മാത്രമല്ല, ക്ലിഷ്ടവുമാണ്. ഇംഗ്ലീഷ് തർജ്ജമ കൂടിയായപ്പോൾ അത് കുറെക്കൂടി ദുഷ്കരമായിക്കാണണം. അദ്ദേഹത്തിന്റെ കൃതികൾ വായിച്ചെടുക്കാൻ പ്രയാസമാണെന്ന കാര്യം ചൂണ്ടിക്കാട്ടിയപ്പോൾ ഭാഗ്യവശാൽ തനിക്കതു വായിക്കേണ്ടി വന്നിട്ടില്ലല്ലോ എന്ന് പെജെ തന്നെ പറഞ്ഞിട്ടുണ്ട്. ലോറാ ഇ. ബർക്ക്, സ്പെൻസർ എ. റാത്തസ്, നിക്കളസ് ടക്കർ തുടങ്ങിയവർ കുറെക്കൂടി ലളിതമാക്കി അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അതിനാൽ ഈ മൂന്നു പേരുടെ കൃതികളെയും കൂടുതലായി ആശ്രയിക്കേണ്ടി വന്നിട്ടുണ്ട്. പെജെയുടെ സിദ്ധാന്തങ്ങൾ ഉൾക്കൊള്ളുന്ന മനശ്ശാസ്ത്രഗ്രന്ഥങ്ങൾ മലയാളത്തിൽ കാര്യമായി ഉണ്ടായിട്ടില്ല.

കുട്ടികളുടെ മനശ്ശാസ്ത്രം, കുട്ടികൾക്കുള്ള സാഹിത്യം എന്നിവയെ വിവരിക്കുമ്പോൾ ചെറിയ പ്രായത്തിലുള്ള കുട്ടികൾക്കാണ് ഊന്നൽ കൊടുത്തിരിക്കുന്നത്.

കുട്ടികൾക്കുള്ള പുസ്തകങ്ങളെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചും അപൂർവ്വം ചില നിരൂപണങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ പ്രബന്ധ

സമാഹാരങ്ങളും പാലാ കെ. എം. മാത്യുവിന്റെ രണ്ടു ഗ്രന്ഥങ്ങളും പി. ടി. ഭാസ്കരപ്പണിക്കർ, കെ. വി. രാമനാഥൻ എന്നിവരുടെ ഓരോ ലഘുഗ്രന്ഥ വുമാണ്, മലയാള ബാലസാഹിത്യപഠനങ്ങളായുള്ളത്. തായാട്ടു ശങ്കരൻ, എ. പി. പി. നമ്പൂതിരി, എൻ. വി. കൃഷ്ണവാരിയർ എന്നിങ്ങനെ വിരലി ലെണ്ണാവുന്ന നിരൂപകരേ ഈ സാഹിത്യവിഭാഗത്തെ പരിഗണിച്ചിട്ടുള്ളൂ.

സംസ്ഥാനബാലസാഹിത്യഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രബന്ധസമാഹാരങ്ങൾ താഴെപ്പറയുന്നവയാണ്:

1. എന്താണ് കുട്ടികളുടെ സാഹിത്യം ?
2. What is children's Literature ?
3. Children's Literature
4. ബാലസാഹിതി
5. ബാലസാഹിത്യം തത്വവും ചരിത്രവും

ഇതിൽ രണ്ടാമത്തെ പുസ്തകം 1981 ലും 1982 ലും നടന്ന ബാലസാ ഹിത്യസെമിനാറിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളുടെയും പ്രഭാഷണ ങ്ങളുടെയും സമാഹാരമാണ്. അതിന്റെ പരിഭാഷയാണ്, 'എന്താണ് കുട്ടിക ളുടെ സാഹിത്യം?' ഇവയിൽ നിന്നു തെരഞ്ഞെടുത്ത ലേഖനങ്ങളാണ് മൂന്നാമത്തെ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 'ബാലസാഹിതി', 1996-ൽ 15-ാം വാർഷികത്തോടനുബന്ധിച്ചു പ്രസിദ്ധീകരിച്ച ഒരു സോവ നീറാണ്. 1993-ൽ നടന്ന ബാലസാഹിത്യസെമിനാറിന്റെ പ്രബന്ധങ്ങൾ ഉൾക്കൊള്ളുന്ന സമാഹാരമാണ്, 'ബാലസാഹിത്യം തത്വവും ചരിത്രവും.' ആശംസാപ്രഭാഷണങ്ങൾ മുതൽ ഗവേഷണലേഖനങ്ങൾ വരെ ഉൾക്കൊ ള്ളുന്ന ഈ കൃതികളിൽ ചർവ്വിതചർവ്വണസ്വഭാവമുള്ള ലേഖനങ്ങളാണ്, കൂടുതലും.

പാലാ കെ. എം. മാത്യുവിന്റെ 'ബാലസാഹിത്യ രചന' എന്ന കൃതി മുഖ്യമായും ബാലസാഹിത്യരചയിതാക്കളെയാണ്, അഭിമുഖീകരിക്കുന്നത്. വൈദേശികകൃതികളിൽ നിന്നുള്ള ആശയങ്ങളും ഉദാഹരണങ്ങളുമാണ്, ഈ കൃതിയിൽ കൂടുതലായും അടങ്ങിയിരിക്കുന്നത്. 'വിശ്വബാലസാഹി ത്യത്തിലെ അതികായന്മാർ' എന്ന ഗ്രന്ഥം ലോകബാലസാഹിത്യത്തിലെ ചില ക്ലാസിക്കുകളെ പരിചയപ്പെടുത്തുന്നു. അദ്ഭുതാദരങ്ങളോടെ അവയെ വീക്ഷിക്കുകയാണ്, ഗ്രന്ഥകാരൻ.

ബാലസാഹിത്യരചയിതാക്കൾക്ക് മാർഗ്ഗനിർദ്ദേശം നല്കാനുള്ള ഒരുദ്യമമാണ്, പി. ടി. ഭാസ്കരപ്പണിക്കരുടെ 'ബാലസാഹിത്യനിർമ്മാണം- ഒരു പഠനം' എന്ന ലഘുഗ്രന്ഥം. ബാലസാഹിത്യചരിത്രത്തിനൊരാമുഖമാണ്, കെ. വി. രാമനാഥന്റെ 'ബാലസാഹിത്യത്തിന്റെ ഉദ്ഭവവും വളർച്ചയും മലയാളത്തിൽ'. ജി. വൈദ്യനാഥയ്യർ തയ്യാറാക്കിയ ബാലസാഹിത്യ ഗ്രന്ഥസൂചി ഈ രംഗത്തു നടന്ന ആദ്യത്തെ ഗവേഷണസംരംഭമാണ്.

മലയാളത്തിലിറങ്ങിയ ഈ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ളതല്ല, ഈ ഗവേഷണപ്രബന്ധത്തിലെ മിക്ക നിരീക്ഷണങ്ങളും നിഗമനങ്ങളും; അവിടവിടെ ചില വസ്തുതകൾ സ്വീകരിച്ചിട്ടുണ്ടെന്നുമാത്രം. കൈയകലത്തു ലഭിക്കുന്നതും സർവസാധാരണവുമായ ഉപാദാനങ്ങളെക്കാൾ മറഞ്ഞുകിടക്കുന്നതും ചിതറിക്കിടക്കുന്നതുമായ വസ്തുതകളെയാണ് ഗവേഷകനെന്ന നിലയിൽ പ്രബന്ധകാരൻ പ്രധാനമായും ആശ്രയിച്ചത്.

വളരെ ബൃഹത്തായ ഒരു വിഷയമാണ്, ഗവേഷണത്തിനു സ്വീകരിച്ചത് എന്ന് ഗവേഷണം തുടങ്ങിയതിനു ശേഷമാണ് മനസ്സിലാകുന്നത്. ശേഖരിച്ച വസ്തുതകളിൽ പലതും ഗവേഷണപ്രബന്ധത്തിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. ശേഖരിച്ച ബാലസാഹിത്യകൃതികളുടെ പേരുവിവരവും ഉൾപ്പെടുത്താൻ കഴിയാതെ വന്നിരിക്കുന്നു. മലയാളവിഭാഗത്തിലെ മുഴുവൻസമയഗവേഷകനെന്ന നിലയിൽ അക്കാദമിക് രീതിയിലുള്ള ഗവേഷണസപര്യയാണ് സ്വീകരിക്കേണ്ടി വന്നത്. കുട്ടികൾ, കുട്ടികളുടെ ഗ്രന്ഥകർത്താക്കൾ, പുസ്തകവ്യാപാരികൾ തുടങ്ങിയവരുമായി നേരിട്ടു ബന്ധപ്പെട്ട് വസ്തുതാശേഖരണം നടത്തിയെങ്കിൽ മാത്രമേ തികച്ചും ശാസ്ത്രീയമായ നിഗമനങ്ങളിലേക്കെത്താൻ കഴിയുകയുള്ളു.

G32743